# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2202 | | 04.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത് | |
|---|---|---|---|
| ഭിന്നശേഷി പെൻഷനുള്ള വാർഷിക വരുമാന പരിധി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.ടി.എ. റഹീം | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | ഭിന്നശേഷിക്കാർക്ക് പെൻഷൻ ലഭിക്കുന്നതിന് കുടുംബത്തിന്റെ വാർഷിക വരുമാന പരിധി എത്ര തുകയായാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ ലഭിക്കുന്നതിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത് എന്ന് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഭാര്യയും ഭർത്താവും ഭിന്നശേഷിക്കാരായവർ അടങ്ങിയ കുടുംബത്തിലെ മറ്റേതെങ്കിലും വ്യക്തി സർവ്വീസ് പെൻഷൻ വാങ്ങുന്നുണ്ടെങ്കിൽ കുടുംബ വാർഷിക വരുമാനം അധികമാണെന്നതിനാൽ ഭിന്നശേഷിക്കാരായ ദമ്പതികൾക്ക് പെൻഷൻ കിട്ടുന്നില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാതിരിക്കുകയാണെങ്കിൽ മാത്രമേ പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| (സി) | ഭാര്യയും ഭർത്താവും ഭിന്നശേഷിക്കാരാണെങ്കിൽ കുടുംബത്തിന്റെ വാർഷിക വരുമാനം പരിഗണിക്കാതെ ഇവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഭിന്നശേഷിക്കാർക്ക് കുടുംബ വാർഷിക വരുമാനം പരിഗണിക്കാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ